**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 367** | **08-08-2023 - ൽ മറുപടിയ്ക്ക്**

**നിലവാരം കുറഞ്ഞ പ്ലാസ്റ്റിക്കുകളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവാരം കുറഞ്ഞ പ്ലാസ്റ്റിക്കുകളുടെ ഉപയോഗം ഇപ്പോഴും നിർബാധം തുടരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്ലാസ്റ്റിക്കുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>27.11.2019 ലെ സ.ഉ.(കൈ)നം.6/2019/പരി, 17.12.2019 ലെ സ.ഉ.(കൈ)നം.7/2019/പരി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഒറ്റ തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുകൾക്ക് നിരോധനം ഏർപ്പെടുത്തി. പിന്നീട് 12/08/2021 ലെ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ G.S.R. 571(E) മുഖേന ഒറ്റതവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് നിരോധനം ഏർപ്പെടുത്തുകയും ചെയ്തു. മേൽ പറഞ്ഞ പ്രകാരം പരിശോധനകൾ നടത്തുകയും ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 21.03.2023 - ലെ സർക്കാർ ഉത്തരവ് G.0(Rt) No. 673/2023/LSGD പ്രകാരം മാലിന്യ സംസ്കരണത്തിലെ ലംഘനം കണ്ടെത്തുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. 16.05.2023 വരെ ടാസ്ക് ഫോഴ്സ് സംസ്ഥാനത്ത് നടത്തിയ 7629 പരിശോധനകളിൽ 2852 നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുകയും തുടർ നടപടികൾ സ്വീകരിച്ചും വരുന്നു.<br><br>ഇതു കൂടാതെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി അംഗീകൃത ശേഖകരെ (ഹരിത കർമ്മ സേനയെ) തദ്ദേശ സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും അതിൽ പുന:ചംക്രമണം ചെയ്യാൻ പറ്റുന്നവയെ റീസൈക്ലിംഗ് യൂണിറ്റിൽ ഏൽപ്പിക്കുകയും പുനഃചംക്രമണം ചെയ്യാൻ പറ്റാത്തവയെ സിമന്റ് പ്ലാന്റ്, റോഡ് ടാറിംങ് എന്നിവയിൽ എത്തിക്കാൻ വേണ്ട നടപടികൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന നടപ്പിലാക്കി വരുന്നു. ബ്രാന്റ് ഉടമകൾ, ഉൽപ്പാദകർ, ഇറക്കുമതിക്കാർ (PIBOs) എന്നിവർക്ക് അവരുടെ ഉൽപ്പന്നങ്ങളിൽ നിന്നുണ്ടാകുന്ന പ്ലാസ്റ്റിക്ക് പാക്കേജിംങ് വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ചുമതല നൽകുന്നതിന്റെ ഭാഗമായി 16/02/2022 ൽ കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാർ പുറപ്പെടുവിച്ച Plastic Waste Management (Amendment) Rules, 2022 പ്രകാരം EPR രജിസ്ട്രേഷൻ നൽകുന്നതിനായി CPCB സെൻട്രൽ പോർട്ടൽ സ്ഥാപിക്കുകയും ആയത് പ്രകാരം സംസ്ഥാനത്ത് EPR പോർട്ടലിൽ PIBOS, പ്ലാസ്റ്റിക്ക് വേസ്റ്റ് പ്രോസസ്സർസ് (PWP) തുടങ്ങിയവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടർച്ചയായി ശ്രമങ്ങൾ നടത്തി വരികയാണ്. ഇതുവരെ 192 PIBOS ഉം 13 PWPs ഉം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് EPR ക്രഡിറ്റുകൾ കൈമാറുന്നതിനായി EPR Portal ലിൽ തദ്ദേശ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുകയാണ്. ആയതിലൂടെ നിലവിൽ നിരോധനം ഏർപ്പെടുത്തിയിട്ടില്ലാത്ത പ്ലാസ്റ്റിക് പാക്കേജിങ്ങുകളുടെ നിർമ്മാർജ്ജനം അംഗീകൃത റീസൈക്ലിംഗ് യൂണിറ്റുകൾ വഴി നടപ്പിലാകുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കും. SUP നിരോധനവും EPR രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിവിധ ബോധവൽക്കരണ പരിപാടികൾ, വെബിനാർ, പരിശീലനങ്ങൾ തുടങ്ങിയവ നടത്തിയിട്ടുണ്ട്. നിരോധിത ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്ക് ഇനങ്ങളെ കുറിച്ചുള്ള പരസ്യം പത്രം, മാഗസിനുകൾ ഉൾപ്പെടെ വിവിധ മാധ്യമങ്ങൾ വഴി നൽകിയിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾക്കുള്ള ബദൽ ഉൽപന്ന നിർമ്മാതാക്കളുടെ വിവരങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ശേഖരിച്ച് ക്രോഡീകരിച്ച് പബ്ലിഷ് ചെയ്തിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ ഉപയോഗം ഒഴിവാക്കി പേപ്പർ ക്യാരിബാഗുകൾ കച്ചവട സ്ഥാപനങ്ങളിലും മറ്റും പ്രാബല്യത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | 01.01.2020 മുതൽ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകളുടെ ഗണത്തിൽപ്പെടുത്തി സംസ്ഥനത്ത് ക്യാരി ബാഗുകൾക്ക് (കനം നോക്കാതെ) 17.12.2019 ലെ സ.ഉ.(കൈ)നം 7/2019/പരി. പ്രകാരം സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. നിരോധിക്കപ്പെട്ട ക്യാരിബാഗുകൾക്ക് ബദലായി തുണി - പേപ്പർ ബാഗുകൾ ഉപയോഗിക്കാമെന്നും 27/01/2020 ൽ G.O(Ms)No.2/2020/ENVT നമ്പർ ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾക്കുള്ള ബദൽ ഉൽപ്പന്ന നിർമ്മാതാക്കളുടെ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് പബ്ലിഷ് ചെയ്തിട്ടുണ്ട്.<br><br>പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകളെ മലിനീകരണ തോത് തുലോം കുറവായിട്ടുള്ള വെള്ള ക്യാറ്റഗറിയിൽ ഉൾപ്പെടുത്തി 15 വർഷത്തെ രജിസ്ട്രേഷനും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ